**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 5119**

**04.07.2012-ൽ മറുപടിക്ക്.**

## റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) റാന്നിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിച്ചത് എന്നാണ്; പ്രസ്തുത ഫയർ സ്റ്റേഷനിൽ ഇപ്പോൾ ഏതൊക്കെ വാഹനങ്ങളാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ പ്രവർത്തനക്ഷമമായിട്ടുള്ളവ ഏതൊക്കെയാണ്; | : (എ) 2000 ആഗസ്റ്റ് 15-ന് ;<br>വാട്ടർ ടെണ്ടർ - 2<br>മിനി വാട്ടർ ടെണ്ടർ - 1<br>ഇൻഡസ്ട്രിയർ വാട്ടർ ടെണ്ടർ - 1<br>ജീപ്പ് - 1<br><br>ഇതിൽ ഒരു വാട്ടർ ടെണ്ടർ അറ്റകുറ്റപ്പണിയാണ്. ഒരു മിനി വാട്ടർ ടെണ്ടർ, ഒരു ഇൻഡസ്ട്രിയൽ വാട്ടർ ടെണ്ടർ, ഒരു ജീപ്പ് മുതലായവ കാലപ്പഴക്കം ചെന്നതിനാൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഫയർ ടെൻഡറുകളും ആംബുലൻസ് അടക്കമുള്ള വാഹനങ്ങളും ഓടിക്കുന്നതിന് എത്ര ഡ്രൈവർമാരാണ് റാന്നി ഫയർ സ്റ്റേഷനിൽ നിലവിലുള്ളത്; ഡ്രൈവർ തസ്തിക ഉൾപ്പെടെ പ്രസ്തുത സ്റ്റേഷനിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളും അവയിൽ ഇപ്പോൾ ജോലി ചെയ്യുന്നവരുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കാമോ; | : (ബി) 4 ഡ്രൈവർമാർ.<br>അനുവദിച്ചിട്ടുള്ള തസ്തിക - 7<br>നിലവിലുള്ള ഡ്രൈവർമാർ - 4 |
| (സി) വർഷകാലത്തുണ്ടാകുന്ന അപകടങ്ങൾ നേരിടുന്നതിനായി റബർ ബോട്ട്, മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ആധുനിക സംവിധാനങ്ങൾ എന്നിവ ഇവിടെ ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | : (സി) റബ്ബർ ബോട്ട് നിലവിൽ അനുവദിച്ചിട്ടില്ല. ചെയിൻസാ 2 എണ്ണം അനുവദിച്ചിട്ടുണ്ട്. |

(മറുപുറം)

(ഡി) കേടായതും ഉപയോഗശൂന്യമായതുമായ ഫയർ ടെൻഡറുകളും മറ്റുവാഹനങ്ങളും മാറ്റി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ ) റാന്നി ഫയർ സ്റ്റേഷനുവേണ്ടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുതെന്ന് വ്യക്തമാക്കാമോ ?

: (ഡി) & (ഇ )

**പരിശോധിച്ചുവരുന്നു.**

സെക്ഷൻ ഓഫീസർ